**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 882** **29-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം നൽകുന്നതിനായി കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം നൽകുന്നതിനായി കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക സംബന്ധിച്ച് വിശദവിവരം **അനുബന്ധം 1 ആയി** ചേർത്തിരിക്കുന്നു. |
| (ബി) | ഓരോ സാമ്പത്തിക വർഷവും ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചു എന്ന് അറിയിക്കുമോ; പ്രസ്തുത ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ബി) | ഓരോ സാമ്പത്തിക വർഷവും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചെലവഴിച്ച തുക സംബന്ധിച്ച വിശദവിവരം **അനുബന്ധം 2 ആയി** ചേർത്തിരിക്കുന്നു.<br><br>**പട്ടികജാതി വികസന വകുപ്പ്**<br><br>മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിത ങ്ങളിൽപ്പെട്ടവരുമായ 1,00,000/-രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിന് ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം 50,000/-രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നു.<br><br>ഹൃദയശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി 1,00,000/-രൂപവരെ ആശുപത്രി മുഖാന്തിരം നൽകുന്നു. നിശ്ചിത ഫാറത്തിൽ ജാതി, വരുമാനം, റേഷൻ കാർഡിന്റെ പകർപ്പ്, ബാങ്ക് അക്കൗണ്ട് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ സഹിതം അക്ഷയ കേന്ദ്രങ്ങളിലൂടെ സൗജന്യമായി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്ന തിനോടൊപ്പം അക്ഷയ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്ന പ്രിന്റ് സഹിതം ടി അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. |

പട്ടികജാതി കുടുംബങ്ങളിലെ ഏകവരുമാനദായകനായ വ്യക്തി മരണപ്പെട്ടാൽ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിന് അപേക്ഷ, ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, മരണ സർട്ടിഫിക്കറ്റ്, മരണപ്പെട്ട വ്യക്തി കുടുംബത്തിലെ ഏകവരുമാനദായകനായിരുന്നുവെന്ന തഹസിൽദാരുടെ സാക്ഷ്യപത്രം, റേഷൻ കാർഡിന്റെ പകർപ്പ്, ബാങ്ക് അക്കൗണ്ട് രേഖകൾ തുടങ്ങിയവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/ മിനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് മരണം നടന്ന് രണ്ട് വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**പട്ടികവർഗ്ഗ വികസന വകുപ്പ്**

ചികിത്സാധനസഹായം ലഭിക്കുന്നതിനായി നിശ്ചിത ഫാറത്തിൽ അപേക്ഷയോടൊപ്പം അപേക്ഷകന്റെ/ അപേക്ഷകയുടെ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡ്/ആധാർ കാർഡ് പകർപ്പുകൾ, ആശുപത്രി മേധാവി സാക്ഷ്യപ്പെടുത്തിയ ചികിത്സാ രേഖകളും അസ്സൽ ബില്ലുകളും, ചികിത്സ നടത്തിയത് സ്വകാര്യ ആശുപത്രിയിലാണെങ്കിൽ ഗവ.മെഡിക്കൽ ആഫീസറിൽ നിന്നും ലഭ്യമാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റ്, ചികിത്സാവശ്യത്തിനായി പഞ്ചായത്തിൽ നിന്നും ധനസഹായം അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം എന്നിവ സമർപ്പിക്കേണ്ടതാണ്.

വരുമാന പരിധി നിലവിൽ ഒരു ലക്ഷം രൂപയാണ്.

അപകടത്തെതുടർന്ന് ചികിത്സയിൽ കഴിയുകയാണെങ്കിൽ 25000/- രൂപ വരെ ധനസഹായം അനുവദിക്കുന്നു.

ക്യാൻസർ ഹൃദയശസ്ത്രക്രിയ. വൃക്ക മാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സക്കായി 1 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നു. ഇപ്രകാരം അനുവദിക്കുന്ന തുക രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ് , ചികിത്സക്ക് വേണ്ടി വരുന്ന ചെലവ് സംബന്ധിച്ച് ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആശുപത്രിക്ക് നൽകുന്നു.

| | | | |
|---|---|---|---|
| | | | മറ്റ് രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രത അനുസരിച്ച് 50,000/- രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്<br><br>പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ, പി.ഒ/ടി.ഡി.ഒ മാർ ജനപ്രതിനിധികൾ എന്നിവർ മുഖേനയോ, വകുപ്പ് മന്ത്രിയ്ക്ക് നേരിട്ടോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം 1

| | | പട്ടികജാതി വകുപ്പ് | പട്ടികവർഗ്ഗ വകുപ്പ് |
|---|---|---|---|
| ക്രമ നം. | സാമ്പത്തിക വർഷം | വകയിരുത്തിയിട്ടുള്ള തുക (തുക ലക്ഷത്തിൽ) | വകയിരുത്തിയിട്ടുള്ള തുക (തുക ലക്ഷത്തിൽ) |
| 1 | 2017-18 | 7888.00 | 2000.00 |
| 2 | 2018-19 | 5000.00 | 2439.00 |
| 3 | 2019-20 | 6000.00 | 2500.00 |
| 4 | 2020-21 | 5500.00 | 2500.00 |
| 5 | 2021-22 | 6031.82 | 2500.00 |

സെക്ഷൻ ഓഫീസർ

# അനുബന്ധം 2

| | | പട്ടികജാതി വകുപ്പ് | പട്ടികവർഗ്ഗ വകുപ്പ് |
|---|---|---|---|
| ക്രമ നം. | സാമ്പത്തിക വർഷം | ചെലവഴിച്ച തുക | ചെലവഴിച്ച തുക |
| 1 | 2017-18 | 366091700 | 48891145/- |
| 2 | 2018-19 | 452936140 | 57341860/- |
| 3 | 2019-20 | 387160626 | 48422842/- |
| 4 | 2020-21 | 473919343 | 67454548/- |
| 5 | 2021-22 | 540258696 | 79866420/- |

സെക്ഷൻ ഓഫീസർ

# അനുബന്ധം 2

| | | പട്ടികജാതി വകുപ്പ് | പട്ടികവർഗ്ഗ വകുപ്പ് |
|---|---|---|---|
| ക്രമ നം. | സാമ്പത്തിക വർഷം | ചെലവഴിച്ച തുക | ചെലവഴിച്ച തുക |
| 1 | 2017-18 | 366091700 | 48891145/- |
| 2 | 2018-19 | 452936140 | 57341860/- |
| 3 | 2019-20 | 387160626 | 48422842/- |
| 4 | 2020-21 | 473919343 | 67454548/- |
| 5 | 2021-22 | 540258696 | 79866420/- |

സെക്ഷൻ ഓഫീസർ